**വഴിവെളിച്ചം**

# യഥാർഥ ശത്രുക്കൾ

عَن إبن مَالك الأشعرى رضي الله عنه : قَالَ رَسُول الله ﷺ : "لَيسَ عَدُوُّكَ الّذى إن قَتَلته كَانَ لَكَ نُورا ، وَإن قَتَلَكَ دَخلْتَ الجَنَّة ، وَلكن أَعدى عَدُوّ لَكَ الذى خَرَج مِن صُلبِكَ ثُمَّ أَعدى عَدُوّ لَكَ مَالُكَ الذى مَلكَت يَمينكَ " (طبرانى)

**അബൂമാലിക്ക് അൽ അശ്അരി(റ) യിൽനിന്ന്: നബി(സ) പറഞ്ഞു: നീ കൊന്നുകളഞ്ഞാൽ നിനക്ക് പ്രകാശമായിത്തീരുകയും നിന്നെ കൊന്നുകളഞ്ഞാൽ നിനക്ക് സ്വർഗം ലഭിക്കാൻ കാരണമാവുകയും ചെയ്യുന്നവനല്ല യഥാർഥത്തിൽ നിന്റെ ശത്രു; മറിച്ച്, നിന്റെ മുതുകിൽ നിന്ന് നിനക്ക് പിറന്ന സന്തതിതന്നെയാവാം നിന്റെ ഏറ്റവും വലിയ ശത്രു! പിന്നെ ഏറ്റവും വലിയ ശത്രു നീ കൈയടക്കിവെച്ചിട്ടുള്ള നിന്റെ ധനവും.***

**സമ്പത്തും** സന്താനങ്ങളും അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹങ്ങളാണ്. അവയോടുള്ള അനുരാഗം മനുഷ്യ പ്രകൃതിയിൽ നിലീനവുമാണ്. സമ്പാദിക്കാനും സന്താനങ്ങളുണ്ടാവാനും ആഗ്രഹിക്കാത്തവരില്ല. ഏറിയും കുറഞ്ഞും ഈ വികാരവിചാരങ്ങൾ എല്ലാവരിലുമുണ്ട്. ഐഹികലോകത്തെ വർണാഭമാക്കി നിലനിർത്തുന്നതിൽ ഈ ജന്മസിദ്ധതാൽപര്യങ്ങൾക്ക് വലിയ പങ്കുണ്ട്.

സമ്പത്തുണ്ടാക്കുന്നതിനോ സന്താനങ്ങളെ സ്നേഹിക്കുന്നതിനോ ഇസ്‌ലാം എതിരല്ല. അവ ജീവിതത്തിന്റെ പരമപ്രധാന ലക്ഷ്യമായിത്തീരുകയും മറ്റെല്ലാം വിസ്മരിച്ച് അവക്കു വേണ്ടി മാത്രം ജീവിക്കുകയും ചെയ്യുന്നതിനെയാണ് എതിർക്കുന്നത്. സമ്പാദിക്കുക എന്നത് ആത്യന്തിക ലക്ഷ്യമായിത്തീർന്നാൽ ഏതുവിധേനയും പണമുണ്ടാക്കാനായിരിക്കും പിന്നീടുള്ള ശ്രമം. നന്മയും തിന്മയും അവന് പ്രശ്നമാവുകയില്ല. സമ്പാദനത്തിന്റെ മാർഗം അനുവദനീയമാണോ നിഷിദ്ധമാണോ എന്ന് നോക്കുകയില്ല. ധാർമികതയുടെ സമ്പൂർണനാശമായിരിക്കും ഇതിന്റെ ഫലം. നബി(സ) പറഞ്ഞു: 'ദീനാറുകളുടെയും ദിർഹമുകളുടെയും അടിമ നശിച്ചതുതന്നെ! വല്ലതും ലഭിച്ചാൽ അയാൾ സംതൃപ്തനാവും. ഒന്നും ലഭിച്ചില്ലെങ്കിലോ നിരാശനായിത്തീരുകയും ചെയ്യും!'(ബുഖാരി). മറ്റൊരു നബിവചനം: 'ജനങ്ങൾക്ക് ഒരു കാലം വരും; അന്ന് ഹലാലായ മാർഗത്തിലൂടെയാണോ ഹറാമായ മാർഗത്തിലൂടെയാണോ താൻ പണം സമ്പാദിക്കുന്നതെന്നത് ഒരാൾക്കും പ്രശ്നമായിരിക്കുകയില്ല!'(ബുഖാരി). ധനം മനുഷ്യന്റെ ബദ്ധശത്രുവായിത്തീരുന്നത് ഇങ്ങനെയാണ്.

സന്താനങ്ങളും ഇപ്രകാരം തന്നെ. അല്ലാഹുവിന്റെ പ്രീതിയെക്കാൾ മക്കളുടെ പ്രീതിക്കും സുഖസൗകര്യങ്ങൾക്കും മുൻഗണന നൽകുന്ന രക്ഷകർത്താക്കൾ തങ്ങളുടെ ബദ്ധശത്രുക്കളെയാണ് സൃഷ്ടിച്ച് വിടുന്നത്. മക്കളോടുള്ള അമിത സ്നേഹം മാതാപിതാക്കളെ അവരുടെ ആജ്ഞാനുവർത്തികളാക്കും.അതോടെ ഹറാമും ഹലാലും നോക്കാതെ അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കും തെമ്മാടിത്തങ്ങൾക്കും അവർ കൂട്ടുനിൽക്കും. നബി (സ) പറഞ്ഞു: 'ഒരു കാലം വരാനിരിക്കുന്നു; അന്ന് ഒരാൾ സ്വന്തം ദീൻ കൈമോശം വന്നുപോവാതിരിക്കാനായി കുന്നുകളിൽനിന്ന് കുന്നുകളിലേക്കും മാളങ്ങളിൽനിന്ന് മാളങ്ങളിലേക്കും ഓടിക്കൊണ്ടിരിക്കും. അല്ലാഹുവിന്റെ അപ്രീതി സമ്പാദിച്ചുകൊണ്ടല്ലാതെ ജീവിതവിഭവങ്ങൾ കരസ്ഥമാക്കാൻ ഒരാൾക്കും അന്ന് കഴിയാതെ വരും! അങ്ങനെയൊരു കാലം വന്നാൽ, ഒരു വ്യക്തിയുടെ നാശം അവന്റെ ഭാര്യാസന്താനങ്ങൾ മുഖേനയായിരിക്കും. ഭാര്യയും മക്കളുമില്ലാത്തവനാണെങ്കിൽ മാതാപിതാക്കൾ നിമിത്തമായിരിക്കും അവന്റെ നാശം. മാതാപിതാക്കളും ഇല്ലാത്തവനാണെങ്കിൽ തന്റെ ബന്ധുക്കളും അയൽക്കാരും വഴിയായിരിക്കും ഒരാളുടെ നാശം! സ്വഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, എന്തുകൊണ്ടാണത്? പ്രവാചകൻ പറഞ്ഞു: ജീവിതവിഭവങ്ങൾക്കായി അവർ അവനെ പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്നു; അങ്ങിനെ തന്റെ തന്നെ നാശത്തിനിടയാക്കുന്ന തെറ്റുകുറ്റങ്ങൾ അയാൾ പ്രവർത്തിക്കാനിടവരുന്നു!' (ബൈഹഖി).

ഖുർആൻ വ്യക്തമാക്കുന്നു: 'അല്ലയോ സത്യവിശ്വാസികളേ, നിങ്ങളുടെ ഭാര്യമാരിലും സന്താനങ്ങളിലും നിങ്ങൾക്ക് ശത്രുക്കളുണ്ട്. അതിനാൽ അവരെക്കുറിച്ച് നിങ്ങൾ കരുതലുള്ളവരായിരിക്കുവിൻ'(64: 14). 'വിശ്വസിച്ചവരേ, നിങ്ങളുടെ സമ്പത്തും സന്താനങ്ങളും ദൈവസ്മരണയിൽ നിന്ന് നിങ്ങളെ അശ്രദ്ധരാക്കാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ, അവരത്രെ നഷ്ടം ഭവിച്ചവർ(63: 9).

സമ്പത്തും സന്താനങ്ങളും ചേർന്നൊരുക്കുന്ന അപകടകരമായ ഈ കെണി തിരിച്ചറിയുന്നവർ അപൂർവം. ഇവ രണ്ടും മനുഷ്യന്റെ പ്രത്യക്ഷ ശത്രുക്കളല്ലാത്തതുകൊണ്ടാണിത്. നേർക്കുനേരെ വരുന്ന ശത്രുവിനെ ഒരുപക്ഷെ നമുക്ക് പരാജയപ്പെടുത്താൻ കഴിഞ്ഞേക്കും. കൂടെ നിൽക്കുകയും ഉറ്റമിത്രങ്ങളാണെന്ന് തോന്നിപ്പിക്കുകയും ചെയ്യുന്ന പരോക്ഷ ശത്രുക്കളെ എങ്ങനെ തിരിച്ചറിയാനാണ്!

**ജഅ്ഫർ എളമ്പിലാക്കോട്**

** ഇമാം ത്വബ്റാനി അദ്ദേഹത്തിന്റെ മുഅ്ജമുൽ കബീറിലും (ഹദീസ് നമ്പർ: 3445), ഇമാം സുയൂത്വി ജാമിഉസ്വഗീറിലും ഈ ഹദീസ് ഉദ്ധരിച്ചിരിക്കുന്നു. ഇതിന്റെ ആധികാരികതയെ കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. ഇമാം സുയൂത്വി ഇതിനെ ഹസൻ എന്ന് സാക്ഷ്യപ്പെടുത്തുന്നു (അൽ ജാമിഉസ്സ്വഗീർ-ഹദീസ് നമ്പർ:7608).*